# കുടുംബത്തിന് വേണ്ടി ഷോപ്പിംഗ് പോകുന്ന അബ്ദുൾ

IndiSciCovid

**by Indian Scientists Response to Covid**

**https://indscicov.in/**

Illustrations by: Suneha Mohanty



അബ്ദുൾ ഉറക്കത്തിൽ നിന്നും ഞെട്ടി എഴുന്നേറ്റു. “ശേ! ഞാൻ അജിത് സാറിന്റെ ക്ലാസിലേക്ക് പോകാൻ ഇന്നും വൈകും. അയാൾ എന്നെ പരീക്ഷ എഴുതാൻ തീർച്ചയായും സമ്മതിക്കില്ല.”

അപ്പോഴാണ് അബ്ദുൾ ലോക്ഡോണിന്റെ കാര്യം ഓർത്തത്. കോളേജ് അടച്ചിരിക്കുകയാണ് , അബ്ദുൽ വീട്ടിലും. തിരിഞ്ഞ് കിടന്ന് വീണ്ടും ഉറങ്ങാൻ ശ്രമിച്ചു. ആ ഒരുമുറി മാത്രമുള്ള വീട് എല്ലാവരുടെയും ഒച്ചയും ബഹളവുംകൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു. ഉമ്മ ചായ ഉണ്ടാക്കുകയായിരുന്നു. അമ്മൂമ്മ തയ്യൽ പണി ചെയ്യുകയായിരുന്നു. ഉപ്പ നമാസ് ചെയ്യുകയായിരുന്നു. ഈ ബഹളത്തിന്റെ ഇടയിൽ ഇനിയും ഉറങ്ങാൻ സാധിക്കില്ല എന്ന് ഓർത്തുകൊണ്ട് അബ്ദുൾ എഴുനേൽക്കാൻ തീരുമാനിച്ചു.

പല്ല് തേച്ചുക്കൊണ്ടിരിക്കുമ്പോൾ അബ്ദുൾ തന്റെ വീടിന്റെ അത്രയും വലുപ്പമുള്ള ഹോസ്റ്റൽ മുറിയെപ്പറ്റി ഓർത്തു. അവിടെയായിരുന്നെങ്കിൽ സഹപാർപ്പുകാരനായി കൂട്ടുകാരൻ സതീഷ് മാത്രമേ ഉണ്ടായിരുന്നുള്ളു. സുഹൃത്തുക്കളുമായി ചായ കുടിക്കുന്നതിനിടയിലുള്ള രാഷ്ട്രീയ ചർച്ചകളെപ്പറ്റിയും കോളേജിൽ പൊതുവെ ലഭിക്കുന്ന സ്വാതന്ത്ര്യത്തെ പറ്റിയും ഓർത്തു. കോളേജും ഹോസ്റ്റലും മൂന്ന് ആഴ്ച മുമ്പാണ് അടച്ചത്. വീട്ടിൽ എത്താനായി രണ്ട് തിരക്കേറിയ ട്രെയിൻ മാറിക്കയറുകയും മൂന്ന് മണിക്കൂറോളം നീണ്ട ജീപ്പ് യാത്രയും വേണ്ടിവന്നു. ടെൻഷൻ പിടിച്ച കുറച്ച് ദിവസങ്ങളായിരുന്നു അത്. വീട്ടിൽ സുരക്ഷിതമായി എത്തിയപ്പോൾ തോന്നിയ സന്തോഷം വീണ്ടുമനുഭവിക്കാൻ ശ്രമിച്ചു.



“അബ്ദുൾ! സമയം എത്രയായി എന്ന് നോക്ക്! എനിക്ക് മട്ടനും തക്കാളിയും വേണമെന്ന് പറഞ്ഞതല്ലേ? വേഗം കട അടയ്ക്കുന്നതിന് മുമ്പ് പോയി വാങ്ങിച്ചിട്ട് വാ” ഉമ്മ പറഞ്ഞു
“സൂക്ഷിച്ചുപോകണം. മാസ്ക് ധരിക്കണം. ആവശ്യമില്ലാത്തതൊന്നും തൊടരുത്. ആരുടേയും അടുത്ത് നിൽക്കണ്ട”
“എന്റെ പ്രഷറിന്റെ മരുന്ന് തീരാറായി. മെഡിക്കൽഷോപ്പിലുണ്ടോ എന്ന് നോക്കാമോ?” അമ്മൂമ്മ ചോദിച്ചു.
“ശരി, ശരി, ഞാൻ പോവുകയാണ്. പക്ഷെ ഇനി രണ്ട് ദിവസത്തേക്ക് പുറത്ത് ഇറങ്ങില്ല. അതുകൊണ്ട് ആവശ്യമുള്ളതെല്ലാം ഇപ്പോൾ തന്നെ ഓർത്ത് പറയൂ” എന്ന് അബ്ദുൾ പറഞ്ഞു.
“മോനേ , പത്രം വാങ്ങിക്കണം. കാണുവാണെങ്കിൽ നാളത്തെ പത്രംകൂടെ വാങ്ങിച്ചോളൂ ” എന്ന് ഉപ്പ പറഞ്ഞു. ഈ തമാശ കേട്ട് ആരുംതന്നെ ചിരിച്ചില്ല. പക്ഷെ ഉപ്പയുടെ തമാശകളൊക്കെയായിരുന്നു ആകെയുണ്ടായിരുന്ന നേരംപോക്ക്. അബ്ദുളിന്റെ ഇത്ത വിദേശത്തായിരുന്നു. പക്ഷെ എന്നും രാത്രി ഫോൺ വിളിക്കുകയും പുതിയ നിർദേശങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. അവരായിരുന്നു വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങികാനുള്ള ചുമതല അബ്ദുളിനെ ഏൽപ്പിച്ചത്.



“ബാക്കിയെല്ലാർക്കും പ്രായമായതിനാൽ അസുഖം വരാനുള്ള സാധ്യത കൂടുതലാണ്. അല്ലെങ്കിലും വീട്ടിൽ നിനക്ക് വേറെ പണിയൊന്നുമില്ലല്ലോ” എന്ന് ഇത്ത പറഞ്ഞു. പുറത്തെവിടെ പോവുകയാണെങ്കിലും മാസ്ക് ധരിക്കാൻ മറക്കരുത് എന്ന് അബ്ദുളിനോട് ഇത്ത ഈയ്യിടുതും നിർദേശിച്ചു.


അമ്മൂമ്മ പഴയ സാരിയുപയോഗിച്ച് തുന്നിയ മാസ്ക് എടുത്ത് അബ്ദുൾ പുറപ്പെട്ടു.

“വാതിലിന്റെയടുത്ത് വച്ചിരിക്കുന്ന ഷാൾ ഇടാൻ മറക്കരുത്” ഉമ്മ പറഞ്ഞു.

“പുറത്ത് ഭയങ്കര ചൂടാണ്, ഉമ്മ. ഞാൻ ഇട്ട ഉടുപ്പ് വന്ന ഉടനെ തന്നെ കഴുകാൻ ഇടാം” എന്ന് പറഞ്ഞുകൊണ്ടു ചെരുപ്പിട്ട് അബ്ദുൾ ഇറങ്ങിപ്പോയി.

മെഡിക്കൽ സ്റ്റോറിനും പച്ചക്കറിക്കടയുടെയും പുറത്ത് വരച്ചുവെച്ചിരുന്ന വട്ടങ്ങളിൽ അബ്ദുൾ ക്ഷമയോടെ നിന്നു. അൺലിമിറ്റഡ് ഫോൺ പ്ലാൻ ഉള്ളതിനാൽ ബോറടിച്ച് നിൽക്കുന്നതിന് പകരം സുഹൃത്തുക്കളുമായി സംസാരിക്കാമല്ലോ.

അതിനു ശേഷം അബ്ദുൾ ഇറച്ചിക്കടയിലേക്ക് പോയി. അവിടെ എങ്ങും ആരുമില്ലായിരുന്നു. മട്ടൻ വെട്ടുന്നതിനിടെ കരീമിക്ക അബ്ദുളിനോട് ഓരോന്ന് ചോദിക്കാൻ തുടങ്ങി.



“വീട്ടിൽ എല്ലാവർക്കും സുഖമാണോ? ഈ ലോക്ഡോൺ എപ്പോൾ തീരുമെന്ന് വല്ല വിവരവുമുണ്ടോ? നീ വാർത്തകൾ ഫോണിൽ വായിക്കുന്നതല്ലേ? പുതിയ വിശേഷം എന്തെങ്കിലുമുണ്ടോ?”

അബ്ദുൾ ഫോൺ പോക്കറ്റിലിട്ടു. കടയുടെ രണ്ടറ്റങ്ങളിൽ നിന്ന് മാസ്ക് കാരണം പറയുന്നത് മനസ്സിലാക്കാൻ ബുധിമുട്ടുണ്ടായിരുന്നെങ്കിലും വീട്ടിനു പുറത്ത് നിന്നും ഒരാളുമായി സംസാരിക്കുന്നതിൽ ആശ്വാസം തോന്നി.

“വീട്ടിൽ എല്ലാവർക്കും സുഖം തന്നെയാണ്. അല്പം പേടിച്ചിരിക്കുകയാണ് എന്നുമാത്രം . വേറെ കുഴപ്പമൊന്നുമില്ല. ഈ ലോക്ഡോൺ എത്ര കാലം കാണുമെന്നോ ഇനി എന്താണ് പരിപാടിയെന്നോ ഒരുപിടിയുമില്ല..” എന്ന് അബ്ദുൾ പറഞ്ഞു.

ഇപ്പോഴത്തെ സാമ്പത്തിക അവസ്ഥയെപ്പറ്റി കരീമിക്കയുമായി ചർച്ചചെയ്ത് അബ്ദുൾ കുറച്ച് നേരംകൂടി അവിടെ ചുറ്റിപറ്റി നിന്നു.

തിരിച്ച് എത്തിയപ്പോൾ വീട്ടുപടിക്കൽ ഒരു പാത്രത്തിൽ വെള്ളം, സോപ്പ്, ഒരു കഷണം തുണി എന്നിവ ഉമ്മ എടുത്തുവച്ചിരിക്കുന്നത് അബ്ദുൾ കണ്ടു. ചെരുപ്പൂരി കൈകൾ കഴുകി തുടച്ചു. തുണി സോപ്പുവെള്ളത്തിൽ മുക്കിയെടുത്ത് മരുന്നിന്റെ പെട്ടി തുടച്ചു. ഫോൺ വൃത്തിയാക്കാനായി ഒരു തൂവാലയും സാനിറ്റൈസറും വെച്ചിട്ടുണ്ടായിരുന്നു. കഴിഞ്ഞ തവണയും അതുപയോഗിക്കാത്തതിനാൽ ഉമ്മ വഴക്ക് പറയുകയും ഇനിയും ആവർത്തിച്ചാൽ ഫോൺ എടുത്തു മാറ്റുമെന്നും പറഞ്ഞായിരുന്നു.



അബ്ദുൾ വാങ്ങിച്ചു കൊണ്ടുവന്ന മട്ടനും പച്ചക്കറിയും ഉമ്മയ്ക്ക് കൊടുത്തു. ഉമ്മ ഫ്രിഡ്ജിൽ വെക്കുന്നതിന് മുമ്പ് അവ വൃത്തിയായി കഴുകിയെടുത്തു. അമ്മൂമ്മയുടെ മരുന്ന് മേശപ്പുറത്ത് വച്ചശേഷം കുളിക്കാനും തുണിയും മാസ്കും കഴുകാനും പോയി.

കുളിച്ച ശേഷം അബ്ദുൾ മേശയിലിരുന്ന മരുന്നുകൾ ഒരു കുപ്പിയിലാക്കിയിട്ട് അട്ടപെട്ടി കളഞ്ഞു. പ്രായമായ അമ്മുമ്മയ്ക്ക് കോവിഡ് ബാധിക്കുമോ എന്ന് അബ്ദുളിന് പേടിയുണ്ടായിരുന്നു. കൈയും കുപ്പിയുടെ പുറവും നന്നായി സോപ്പുകൊണ്ട് കഴുകിയതിനു ശേഷം മരുന്നുകുപ്പി അമ്മുമ്മയ്ക്ക് കൊടുത്ത് കൊണ്ട് പറഞ്ഞു "മരുന്ന് കിട്ടി, ഇന്നലെ സ്റ്റോക്ക് വന്നായിരുന്നു."

അലക്കിയ തുണി ബാൽക്കണിയിൽ വിരിച്ച് കൊണ്ടിരുന്നപ്പോൾ ഉപ്പയ്ക്ക് പത്രം വാങ്ങിച്ചില്ലെന്ന് ഓർത്തു. "സാരമില്ല, ഇന്നത്തെ തമാശകൾക്കുള്ള വിഷയമായി" എന്ന് അബ്ദുൾ വിചാരിച്ചു.

ദൈനംദിന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വിവരങ്ങളെ സന്ദർഭോചിതമായും ലളിതമായും ചിത്രീകരിച്ചിരിക്കുന്നു. ശാസ്ത്രീയ കൃത്യത ഉറപ്പു വരുത്താൻ വെബ്സൈറ്റിലെ അനുബന്ധ രേഖകൾ നോക്കുക.

